**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3306 **19.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ ആധാരങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ത്രിതല പഞ്ചായത്തുകളും പട്ടികജാതി വകുപ്പും പട്ടികജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള വീട് പണിത സ്ഥലത്തിന്റെ ആധാരം ഉടമസ്ഥർക്ക് നൽകാതെ അതാത് ഓഫീസുകളിൽ സൂക്ഷിച്ച് വെക്കുന്നതിന് ഓഫീസർമാർക്ക് അധികാരമുണ്ടോ; | (എ) & (ബി) | ആധാരങ്ങൾ തടഞ്ഞു വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയിരിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കപ്പെടുന്ന ഉപഭോക്താവ് വീട് നിർമ്മിക്കുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്തുന്നതിനായി ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് വീട് നിർമ്മാണം പൂർത്തിയാക്കുന്നതു വരെ (കുറഞ്ഞത് 3 വർഷം) വസ്തുവിന്റെ ആധാരം പട്ടികജാതി വികസന വകുപ്പിൽ സൂക്ഷിക്കുമായിരുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിയും ഭവനനിർമ്മാണ ധനസഹായ പദ്ധതിയും വെവ്വേറെ നടപ്പിലാക്കുന്നതിനാൽ പട്ടികജാതി വികസന ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള വസ്തുവിന്റെ ആധാരങ്ങളുടെ പകർപ്പുകൾ സൂക്ഷിച്ചതിനു ശേഷം ആധാരങ്ങൾ തിരികെ നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പട്ടികജാതിക്കാരുടെ ആധാരങ്ങൾ മേൽപ്പറഞ്ഞ ഓഫീസുകൾ തടഞ്ഞുവെച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആധാരങ്ങൾ തിരിക നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | | |
| (സി) | ഇത്തരത്തിൽ ആധാരങ്ങൾ തടഞ്ഞുവെച്ചിരിക്കുന്ന ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | മേൽ നിർദ്ദേശം ഓഫീസർമാർ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ